**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ അച്ചനമ്പലം സപ്ലൈക്കോ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന 11/422-സി നമ്പർ കെട്ടിടത്തിന് 01.06.2014 മുതൽ 3 (മൂന്ന്) വർഷത്തേയ്ക്ക് വാടക നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.818/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 08/04/2019

പരാമർശം :
1) 09/03/1995 തീയതിയിലെ സ.ഉ.(എം.സ്) നം.16/95/പിഡബ്ല്യു&റ്റി.
2) 04/02/2013 തീയതിയിലെ സ.ഉ.(സാധാ) നം.301/2013/തസ്വഭവ.
3) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (പി.ഡബ്ല്യു.ഡി, ബിൽഡിംഗ് സെക്ഷൻ, മലപ്പുറം) 25/05/2015 തീയതിയിലെ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ്.
4) അസി.എഞ്ചിനീയറുടെ (പി.ഡബ്ല്യു.ഡി, ബിൽഡിംഗ് സെക്ഷൻ, പരപ്പനങ്ങാടി) 22/01/2016 തീയതിയിലെ ബിപി/റെന്റ്/2014 നമ്പർ റെന്റ് സർട്ടിഫിക്കറ്റ്.
5) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/06/2016 തീയതിയിലെ 7(10)-ാം നമ്പർ തീരുമാനം.
6) കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/11/2017, 03/02/2018, 14/03/2018, 10/10/2018 തീയതികളിലെ എ 2-9616/11 നമ്പർ കത്തുകൾ.
7) പഞ്ചായത്ത് ഡയറക്ടറുടെ 17/05/2017, 15/05/2018, 29/11/2018 തീയതികളിലെ ജി1-32622/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ അച്ചനമ്പലം സപ്ലൈക്കോ മാവേലി സ്റ്റോറിന്റെ പ്രവർത്തനം 10/05/2002 ലാണ് ആരംഭിച്ചതെന്നും, കെട്ടിട ഉടമയായ ശ്രീമതി.കാപ്പൻ റുഖിയ W/o പുള്ളാട്ട് കുഞ്ഞലസ്സൻ ഹാജി എന്നയാളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ സർക്കാർ നിർദ്ദേശപ്രകാരം ആദ്യത്തെ ഒരു വർഷം കെട്ടിടം വാടകരഹിതമായും തുടർന്ന് രണ്ടു വർഷം പഞ്ചായത്ത് വാടക നൽകിയും തുടർന്ന് സപ്ലൈക്കോ വാടക നൽകിയും പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്നും, ആയത് പ്രകാരം 11/422-സി നമ്പരായുള്ള കെട്ടിടത്തിന്റെ വാടക പ്രതിമാസം 2,118/- രൂപയായി നിശ്ചയിച്ച് പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും, എന്നാൽ ടി വാടക കുറവാണെന്നും ടി സ്ഥലത്തെ കുറഞ്ഞ പ്രാദേശിക വാടക 8,000/- രൂപയായി വാടക നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ട് കെട്ടിട ഉടമ പഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി കെട്ടിടത്തിന്റെ അടുത്തുള്ള കെട്ടിടങ്ങൾക്ക് പ്രതിമാസം 6,000/- രൂപ, 7,500/- രൂപ വീതം പ്രതിമാസം വാടകയുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്നും, ആയതിനാൽ ടി കെട്ടിടത്തിന്റെ പ്രതിമാസ വാടക അപ്രകാരം നിർണ്ണയിക്കാവുന്നതാണെന്നും പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ അച്ചനമ്പലം സപ്ലൈക്കോ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന 11/422-സി നമ്പർ കെട്ടിടത്തിന് 01.06.2014 മുതൽ 3 (മൂന്ന്) വർഷത്തേയ്ക്ക്,

പരാമർശം (4) പ്രകാരമുള്ള അസി.എഞ്ചിനീയർ, പി.ഡബ്ള്യൂ.ഡി, ബിൽഡിംഗ് സെക്ഷൻ, പരപ്പനങ്ങാടി നൽകിയിട്ടുള്ള റെന്റ് സർട്ടിഫിക്കറ്റിൽ പ്രതിമാസ വാടകയായി നിശ്ചയിച്ചിരിക്കുന്ന 2,118/- രൂപ (രണ്ടായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപാ മാത്രം) കെട്ടിട ഉടമസ്ഥയായ ശ്രീമതി.കാപ്പൻ റുഖിയ W/o പുള്ളാട്ട് കുഞ്ഞലസ്സൻ ഹാജി എന്ന വ്യക്തിയ്ക്ക് പ്രതിമാസ വാടകയായി കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന 11/422-സി നമ്പർ കെട്ടിടത്തിന്റെ 01.06.2014 മുതൽ 3 (മൂന്ന്) വർഷത്തിനുശേഷമുള്ള കാലയളവിലെ കെട്ടിട വാടക നിശ്ചയിച്ച് നൽകുന്ന വിഷയം പരിശോധിക്കുന്നതിനായി, പരാമർശം (1) ലെ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ